16 (518) പൊതുമേഖലാ വ്യവസായങ്ങൾ

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും പൊതുമേഖലാ വ്യവസായം സ്വകാര്യവ്യക്തികൾക്ക് കൈമാറാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ;

(സി) ഏതെങ്കിലും സ്വകാര്യ വ്യവസായം പൊതുമേഖലയിലേക്ക് മാറ്റാൻ പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

17 (519) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.മാരുടെ നിയമനം

ശ്രീ. സി.റ്റി. അഹമ്മദ് അലി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്;

(ബി) ഇവയിലെ മാനേജിംഗ് ഡയറക്ടർമാരുടെ ജാതി തിരിച്ചുള്ള പട്ടിക നൽകുമോ;

(സി) മാനേജിംഗ് ഡയർക്ടർമാരുടെ നിയമനത്തിനു ജാതി സംവരണം പാലിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ സംവരണ തത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ഉൾപ്പെടെ 60 വ്യവസായ സ്ഥാപനങ്ങളാണുള്ളത്.

(ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) പാലിക്കാറില്ല.

(ഡി) മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ കോൺട്രാക്റ്റ് അടിസ്ഥാനത്തിലോ ആണ് നടത്തുന്നത്. ഇവർ കമ്പനികളിലെ റഗുലർ ജീവനക്കാരല്ലാത്തതുകൊണ്ട് ഇവരുടെ നിയമനത്തിൽ ജാതി സംവരണം പാലിക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly